മക്തബ്

1193 കർക്കടകം 24 1439 ദുൽഖഅദ് 26

കേൾക്കേണ്ട ശബ്ദം:

വിവാഹ ബന്ധത്തിന്റെ പവിത്രത സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം സ്ത്രീകളുടെ മാത്രം കടമയാണോ?

- സുപ്രീംകോടതി

പ്രബുദ്ധ കേരളം പിന്നോട്ട് നടക്കുമ്പോൾ

ഗുരുവിന്റെ മാന്ത്രികശക്തി ലഭിക്കാൻ ശിഷ്യൻമാർ ഗുരുവിനെയും കുടുംബത്തെയും കൊന്നു കുഴിച്ചുമൂടുന്നു. നടന്നത് മറ്റ് എവിടെയുമല്ല. സാക്ഷരതയിൽ പിറകിൽ നിൽക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അല്ല. നൂറുശതമാനം സാക്ഷരരായ മനുഷ്യർ നിവസിക്കുന്ന കേരളത്തിൽ. അതിനും അപ്പുറം പ്രബുദ്ധ കേരളത്തിൽ. സംഭവം നടന്നത് ഇടുക്കിയിലാണ്. മന്ത്രവാദിയായ കൃഷ്ണനെയും ഭാര്യയെയും രണ്ട് മക്കളെയുമാണ് ശിഷ്യർ കൊലപ്പെടുത്തിയത്. ഒരു ശിഷ്യന്റെ മാന്ത്രികശക്തി ഗുരു കവർന്നെടുത്തെന്നും അത് തിരികെ പിടിക്കണമെന്നും മറ്റൊരു മന്ത്രവാദി ഉപദേശിച്ചതിനെ തുടർന്നാണത്രെ അറും കൊലകൾ നടത്തിയത്.

ഇതൊരു ഒറ്റപ്പെട്ട സംഭവമായിരുന്നെങ്കിൽ തിരുമണ്ടൻമാരുടെ പ്രവൃത്തിയെന്ന് പറഞ്ഞ് തള്ളിക്കളയാവുന്നതാണ്. എന്നാൽ മന്ത്രവാദത്തിന്റെ പേരിലുള്ള കൊലകൾ, ബലികൾ, തട്ടിപ്പുകൾ തുടങ്ങിയവ കേരളത്തിൽ വർധിച്ചു വരികയാണ്. അപൂർവ സിദ്ധിയുള്ള രത്നങ്ങളുണ്ടെന്ന് വ്യാമോഹിപ്പിച്ച് എന്തുമാത്രം തട്ടിപ്പ് കേരളത്തിൽ നടന്നു. ജ്യോത്സ്യന്മാർ നടത്തുന്ന തട്ടിപ്പുകളും കുറവല്ല. ഫലത്തിൽ തിരുമണ്ടൻമാരുടെ സമൂഹമായി കേരളം മാറുകയാണ്.

ഒരു കാലത്ത് കേരളം പ്രേതങ്ങളുടെ താഴ്വാരമായിരുന്നു. പ്രേതങ്ങളുടെയും ഒടിയൻമാരുടെയും ഒക്കെ നിറംപിടിപ്പിച്ച കഥകൾ കേരളത്തിൽ നിറഞ്ഞുനിന്നിരുന്നു. എന്നാൽ വൈദ്യുതി വന്നതോടെ പ്രേതങ്ങളും യക്ഷികളും മറുതയും മാടനും ഒടിയനും ഒക്കെ കേരളം വിട്ടു. അവ പിന്നീട് കുടിയേറിയത് ടെലിസീരിയലുകളിലും സിനിമകളിലും ഒക്കെയാണ്. വെള്ളസാരിയും ശരീരഭംഗി എടുത്തു കാണിക്കുന്ന അടിവസ്ത്രങ്ങളും ഷാമ്പൂതേച്ച് കോതിയിട്ട മുടികളുമായി അവരെത്തി (ഏത് കടകളിൽ നിന്നാണ് ഇവർ ഇതൊക്കെ വാങ്ങിക്കുന്നത്, ആവോ). മലയാളികൾ ഈ ടെലി സീരിയലുകളെയും സിനിമകളെയും സ്വീകരിച്ചത് അവരുടെ മനസിനകത്ത് ഇപ്പോഴും ഒളിച്ചിരിക്കുന്ന പ്രേതവും യക്ഷിയും ഒക്കെ ഉണ്ടെന്നതിനാലാണ്. അതുകൊണ്ടാണല്ലോ മരിച്ചുപോയവർക്ക് ഇപ്പോഴും ചില ദിനങ്ങളിൽ വിരുന്നൊരുക്കുന്നത്. ഇത് ഏതെങ്കിലും ഒരു മതത്തിന്റെ മാത്രം പ്രശ്നമല്ല. സമാനമായ രീതിയിലല്ലെങ്കിലും മരിച്ചു പോയവർക്കായി ചില കർമ്മങ്ങൾ എല്ലാ മതത്തിലുമുണ്ട്. അത് മരിച്ചവരും ജീവിച്ചിരിക്കുന്നവരും തമ്മിലുള്ള ആത്മബന്ധത്തിന്റെ പ്രതികാത്മകമായ ചടങ്ങെന്ന നിലയിൽ പരിഗണിച്ച് മാറ്റി നിർത്താം.

എന്നാൽ ഉറഞ്ഞുതുള്ളിയെത്തിയ മന്ത്രവാദിയോട്, വായയിൽ പല്ലു മുളപ്പിച്ചു കാട്ടാൻ പറഞ്ഞ് ഇളിഭ്യനാക്കിയ ശ്രീനാരായണന് ജന്മം കൊടുത്ത നാട്ടിൽ മന്ത്രവാദത്തെ ആശ്രയിക്കുന്ന ഒട്ടനവധി പേരുണ്ടെന്നത് ഭയാനകമായ സാഹചര്യമാണ്.

പണ്ട് മാന്ത്രികവിദ്യകൊണ്ട് അമ്പലം വിഴുങ്ങുന്നതായി തെറ്റിദ്ധരിപ്പിച്ച മാന്ത്രികനെ നിഷ്പ്രഭനാക്കിയത് ഒരു ചെത്തുതൊഴിലാളിയായിരുന്നു. എല്ലാവരെയും മാന്ത്രികൻ കൺകെട്ട് വിദ്യക്ക് അടിപ്പെടുത്തിയപ്പോൾ തെങ്ങിന്റെ മുകളിലിരുന്ന് കള്ളുചെത്തുന്നവനെ അതിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയാതിരുന്നതും അയാൾ തെങ്ങിന്റെ മുകളിൽ നിന്നു കൊണ്ട് ഇയാൾ എന്തിനാണ് അമ്പലത്തിന്റെ കഴുക്കോലിൽ കടിച്ചുപിടിച്ചിരിക്കുന്നതെന്ന് വിളിച്ചു ചോദിക്കുകയും ചെയ്ത കഥയുണ്ട്. ഈ ചെത്തുകാരന്റെ കണ്ണ് നമുക്ക് നഷ്ടപ്പെട്ടുപോയി എന്നതാണ് വലിയൊരു ദുരന്തം. അതുകൊണ്ട് ചെറിയ ചെറിയ മായാജാലങ്ങൾ കൊണ്ട് മലയാളിയെ മയക്കി കിടത്താൻ കഴിയും എന്നിടത്ത് കാര്യങ്ങൾ എത്തിയിരിക്കുകയാണ്.

എന്താണ് അതിന്റെ പരിണിത ഫലം. മനുഷ്യർ അവരുടെ ഭാഗധേയം നിർണ്ണയിക്കാൻ ബോധപൂർവമായ പ്രവർത്തനത്തിൽ പങ്കാളിയാകണമെന്ന ചിന്ത സമൂഹത്തിൽ നിന്ന് തൂത്തുമാറ്റപ്പെടുകയാണ്. മനുഷ്യരുടെ ഭാഗധേയം മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടതാണെന്നും അത് മനുഷ്യബാഹ്യമായ ശക്തികളുടെ ഇടപെടലിനെ തുടർന്നാണെന്നും അത്തരം ശക്തികളെ പ്രീതിപ്പെടുത്തുന്ന പൂജാദി കർമ്മങ്ങളിലൂടെയും ജനനസമയത്ത് തന്നെയുണ്ടാകുന്ന രാശികളുടെ ഫലമാണ് മനുഷ്യരുടെ സുഖ ദുഃഖങ്ങളെന്നും അതിനെ ചില പരിഹാരക്രിയകളിലൂടെ മറികടക്കാം എന്നൊക്കെയുള്ള ധാരണകൾ ശക്തിപ്പെടുന്നു. അതിലൂടെ ചൂഷണാധിഷ്ഠിതമായ സമൂഹത്തെ മാറ്റി മറിക്കാനുള്ള മനുഷ്യരുടെ ഇടപെടലുകളാണ് തടസപ്പെടുന്നത്. ദരിദ്രാവസ്ഥക്ക് കാരണം നിലനിൽക്കുന്ന വ്യവസ്ഥയില്ലെന്നും അവരുടെ വിധിയാണെന്നും സ്ഥാപിക്കപ്പെടുന്നു. ഇത് വളർന്ന് പന്തലിച്ച് ശാസ്ത്രബോധത്തെ തന്നെ തളർത്തുകയാണ് ചെയ്യുന്നത്.

അതിന്റെ ഏറ്റവും അപകടകരമായ അവസ്ഥ ചികിത്സ ശാസ്ത്രങ്ങളെ തന്നെ നിഷേധിക്കുന്നിടം വരെ എത്തുന്നുവെന്നതാണ്. അതുകൊണ്ട് ആശുപത്രികളെ നിഷേധിച്ച് 'രോഗശാന്തി' കേന്ദ്രങ്ങൾ നാട്ടിലെമ്പാടും മുളച്ചുപൊന്തുന്നു. ഭജനമിരിക്കൽ, മന്ത്രിച്ച വെള്ളം കുടിക്കൽ, ധ്യാനം കൂടൽ, വലംപിരിശംഖ് വീട്ടിൽ സൂക്ഷിക്കൽ, ആൾദൈവങ്ങളുടെ കെട്ടിപ്പിടിക്കൽ ഇവയൊക്കെ രോഗസൗഖ്യം എന്നത് അപകടകരമായ രീതിയിൽ വളർന്നിരിക്കുകയാണ്. എന്നാൽ ഇവരൊന്നും തന്നെ നിപ്പ വൈറസ്, ഡെങ്കിപ്പനി, ചോറി തുടങ്ങിയവ ഇവ്വിധം ചികിത്സിച്ച് മാറ്റാമെന്ന് അവകാശപ്പെടാറില്ല. അതേസമയം രോഗശാന്തിക്കാരിൽ മിക്കവരും കോടികളുടെ സമ്പത്തുണ്ടാക്കിയെന്നും അതിലൂടെ ആധുനിക ചികിത്സ സംവിധാനമുള്ള ആശുപത്രികളും മെഡിക്കൽ കോളേജുകളും ഒക്കെ തുടങ്ങിയിട്ടുണ്ടെന്നതും നമ്മുടെ കണ്ണുതുറപ്പിക്കാറില്ല. കെട്ടിപ്പിടിത്തം കൊണ്ട് സകല സൗഖ്യങ്ങളും ലഭിക്കുമെങ്കിൽ എന്തിനാണ് ആശുപത്രികളും മെഡിക്കൽ കോളേജുകളും!

കേരളത്തിന്റെ അകത്തളങ്ങളിൽ ഇപ്പോഴും "കോർപ്പറേറ്റ്" മുതൽ നാടൻ മന്ത്രവാദികൾക്ക് വരെ വൻ ഡിമാന്റാണ്. രഹസ്യമായും പരസ്യമായും ആഭിചാരകർമ്മങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണം കൂടിവരികയാണ്. കേരളം ഭ്രാന്താലയത്തിലേക്ക് തിരിച്ചു നടക്കുന്ന അവസ്ഥ നമ്മെ എവിടെ കൊണ്ട് എത്തിക്കുമെന്ന് ഭയക്കേണ്ടിയിരിക്കുന്നു.

മരം ലോഡിംഗ് തൊഴിലാളികൾ രണ്ട് ദിവസത്തെ വേതനം നൽകി

ആലക്കോട്: വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ഫർലോംഗ്കരയിലെ രാജിനി സതീഷിനെ സഹായിക്കുന്നതിനായി ടിമ്പർ ലോഡിംഗ് തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) ആഭിമുഖ്യത്തിൽ തൊഴിലാളികൾ രണ്ട് ദിവസത്തെ വേതനം നൽകി. സഹായധന വിതരണം സി.ഐ.ടി.യു ഏരിയാ സെക്രട്ടറി ടി.പ്രഭാകരൻ നിർവഹിച്ചു. ജോസ് അള്ളുംപുറം ഏറ്റുവാങ്ങി. എ.ജെ.ഫ്രാൻസീസ് അധ്യക്ഷത വഹിച്ചു. കെ.ബി.ചന്ദ്രൻ, ജിജി, സുദർശനൻ, ബേബി, മോഹനൻ പ്രസംഗിച്ചു. ടി.കെ.ബാബുരാജ് സ്വാഗതം പറഞ്ഞു.

ഐ.എൻ.ടി.യു.സി ഇരിക്കൂർ നിയോജക മണ്ഡലം കൺവെൻഷൻ സുരേഷ്ബാബു എളയാവൂർ ഉദ്ഘാടനം ചെയ്യുന്നു.

തൊഴിലാളി ദ്രോഹ നടപടികൾ അവസാനിപ്പിക്കണം

ആലക്കോട്: കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ തൊഴിലാളി ദ്രോഹ നടപടികൾ അവസാനിപ്പിക്കണമെന്ന് ആലക്കോട് ചേർന്ന ഐ.എൻ.ടി.യു.സി ഇരിക്കൂർ നിയോജക മണ്ഡലം കൺവെൻഷൻ ആവശ്യപ്പെട്ടു. ഡി.സി.സി ജനറൽ സെക്രട്ടറി സുരേഷ്ബാബു എളയാവൂർ ഉദ്ഘാടനം ചെയ്തു. ബേബി മുല്ലക്കരി അധ്യക്ഷത വഹിച്ചു. ജിൻസ് മാത്യു, എ.എം. വിജയൻ, സിബി വളവനാട്ട്, ജാനേഷ് കുഴിക്കണ്ടത്തിൽ, ഷേർളി മുളയ്ക്കൽ, പി. രഘു, പ്രിൻസ് കച്ചിറ, സാജു അങ്ങാടിയത്ത് പ്രസംഗിച്ചു.

എ. ഐ. വൈ. എഫ് ജാഥക്ക് സ്വീകരണം നൽകി

ആലക്കോട്: അടിമത്തമല്ല സ്വാതന്ത്ര്യം, പോരാട്ടമാണ് ജീവിതം എന്ന സന്ദേശമുയർത്തി 15ന് സംഘടിപ്പിക്കുന്ന സമരസാക്ഷ്യത്തിന്റെ പ്രചരണാർത്ഥമുള്ള എ.ഐ.വൈ.എഫ് സ്വാതന്ത്ര്യ സംരക്ഷണ ജാഥക്ക് ആലക്കോട് ടൗണിൽ സ്വീകരണം നൽകി. അമൽ ചാണാക്കാട്ടിൽ അധ്യക്ഷത വഹിച്ചു. ജാഥാ ലീഡർ കെ.പി. രജീഷ്, എം.സി. സജീഷ്, വി.ജി. സോമൻ, ടി.വി. രജിത, അമൽജിത്ത് കെ. സജി, സി.പി. സോമൻ, സിജു ജോസഫ് പ്രസംഗിച്ചു. പി. അരുൺ സ്വാഗതം പറഞ്ഞു. കരുവഞ്ചാലിലും സ്വീകരണം നൽകി.

ബുർദമജ്ലിസ് ഇന്ന്

തളിപ്പറമ്പ: എസ്.എസ്.എഫ് അൽമഖർ കാമ്പസ് ദഅവ യൂണിറ്റിന്റെ പ്രതിമാസ ബുർദ മജ്ലിസ് ഇന്ന് ഇശാ നിസ്കാരാനന്തരം അൽമഖർ ദാറുൽ അമാൻ ജുമാ മസ്ജിദിൽ നടക്കും. മുഹമ്മദ് കുഞ്ഞി അമാനി പടപ്പേങ്ങാട് ഉദ്ഘാടനം നിർവഹിക്കും. അബ്ദു സമദ് അമാനി പട്ടുവം, നിസാർ ഖുതുബി മടവൂർ നേതൃത്വം നൽകും.

വായനാ മൽസരം ഉദ്ഘാടനം

കണ്ണൂർ: ലൈബ്രറി കൗൺസിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ വായനാമൽസരത്തിന്റെ ജില്ലാതല ഉദ്ഘാടനം ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി പി.കെ. ബൈജു നിർവഹിച്ചു. കണ്ണൂർ താലൂക്ക് സെക്രട്ടറി ഇ. ചന്ദ്രൻ അധ്യക്ഷനായി. ജില്ലാ വൈസ് പ്രസിഡണ്ട് എം. മോഹനൻ, എ. പങ്കജാക്ഷൻ, കമലാ സുധാകരൻ, പി. ധർമൻ, പ്രഭാകരൻ തായാട്ട് സംസാരിച്ചു. താലൂക്ക് സെക്രട്ടറി എം. ബാലൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി എ. ശ്രീധരൻ നന്ദിയും പറഞ്ഞു.

കരാർ, താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണം

കണ്ണൂർ: ഒട്ടേറെ വർഷങ്ങളായി ജില്ലാ സഹകരണ ബാങ്കുകളിൽ കരാർ, താൽക്കാലിക വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ബി.സി.സി.ഇ.എഫ് കണ്ണൂർ ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡണ്ട് കെ.പ്രകാശൻ അധ്യക്ഷത വഹിച്ചു. പി. കുഞ്ഞിക്കണ്ണൻ, എൻ.ബാബു, കെ.ബൈജു, ഷക്കീർ, ജയൻ, എം. രജീഷ്, സുനിത സംസാരിച്ചു.

ചെങ്ങളായിൽ ഖുർആൻ കോളേജിന്റെ ഉദ്ഘാടനം മുനവ്വറലി ശിഹാബ് തങ്ങൾ നിർവ്വഹിക്കുന്നു

ചെങ്ങളായിൽ ഖുർആൻ കോളേജ് തുറന്നു

ശ്രീകണ്ഠപുരം: ചെങ്ങളായി മഹല്ല് മുസ്ലിം ജമാഅത്ത് കമ്മിറ്റിയുടെ കീഴിൽ ആരംഭിച്ച അൽ ഫലാഹ് ഹിഫ്ളുൽ ഖുർആൻ കോളേജിന്റെ ഉദ്ഘാടനം മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിച്ചു. കെ.എം.പി മുഹമ്മദ് കുഞ്ഞി അദ്ധ്യക്ഷത വഹിച്ചു. ഇബ്രാഹിം ഖലീൽ ഹുദവി മുഖ്യ പ്രഭാഷണം നടത്തി. ഖത്തീബ് സജ്ജാദ് നദ്വി, പ്രിൻസിപ്പാൾ അനസ് നദ്വി, അബ്ദുറഹിമാൻ ഫൈസി, അബ്ദുൽ കരീം ബാഖവി, പി.കുഞ്ഞഹമ്മദ് മാസ്റ്റർ, കെ.പി.മൊയ്തീൻ കുഞ്ഞി ഹാജി, പി.എ ഹൈദ്രോസ്ഹാജി ,അബ്ബാസ് ഹാജി, മുസ്തഫ മൗലവി, എം.പി.എ.റഹീം, പി.പി.അബ്ദുള്ള, കെ.പി.മൊയ്തീൻ കുഞ്ഞി സംസാരിച്ചു. കെ.എം.മുഹമ്മദ് കുഞ്ഞി മാസ്റ്റർ സ്വാഗതവും കെ.പി.ഷാഹുൽ ഹമീദ് നന്ദിയും പറഞ്ഞു.

തെയ്യം ഫോട്ടോഗ്രാഫി മൽസരം; ജേതാക്കളെ ആദരിച്ചു

പഴയങ്ങാടി: ട്രാവൽ കണ്ണൂർ ഡോട്കോമിന്റെ ആഭിമുഖ്യത്തിൽ വാട്സ്ആപ് ഗ്രൂപ്പായ 'തെയ്യം കാഴ്ചകൾ' സംസ്ഥാന തലത്തിൽ ഏർപ്പെടുത്തിയ തെയ്യം സൗഹൃദ ഫോട്ടോഗ്രാഫി മത്സര ജേതാക്കളെ ആദരിച്ചു. വിജയികൾക്കുള്ള സമ്മാനദാനം മനോഹരൻ വെങ്ങര നിർവ്വഹിച്ചു. മനോഹരൻ കൊയ്ലേര്യൻ അധ്യക്ഷത വഹിച്ചു. യു.രമേശൻ, സി.വിനയൻ, രാജീവൻ ഉണ്ണിപ്രവൻ, എം.സോമൻ, കെ.വി. പ്രമോദ് പ്രസംഗിച്ചു. ജേതാക്കളായ സജേഷ് ആളുപറമ്പിൽ, ശ്യാം സത്യൻ, ജിതു കൃഷ്ണൻ, സുജേഷ് കൊയ്യോട്, ശ്രീരാഗ് കുമാർ, സനീഷ് കുളപ്പുറം, അരുൺ ഏഴോം പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

മരംലോഡിംഗ് തൊഴിലാളികളുടെ രാജിനി സഹായനിധി വിതരണം ടി.പ്രഭാകരൻ നിർവഹിക്കുന്നു

ദുരിതാശ്വാസ നിധിയിലേക്ക് സർവ്വീസ് പെൻഷൻകാർ കാൽക്കോടി രൂപ കൈമാറി

കണ്ണൂർ: കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂനിയൻ 25 ലക്ഷം രൂപ സംഭാവന നൽകി. ദുരിതാശ്വാസ പ്രവർത്തനരംഗത്ത് സർവ്വീസ് പെൻഷണർമാർ സജീവമാകണമെന്ന് യൂണിയൻ അഭ്യർത്ഥിച്ചു. സംസ്ഥാന പ്രസിഡണ്ട് എം. സദാശിവൻ നായർ, ജനറൽ സെക്രട്ടറി ആർ. രഘുനാഥൻ നായർ, ട്രഷറർ ജി. പത്മനാഭപ്പിള്ള എന്നിവരാണ് മുഖ്യമന്ത്രിക്ക് ചെക്ക് കൈമാറിയത്.

എ.ഐ.വൈ.എഫ് സ്വാതന്ത്ര്യസംരക്ഷണ ജാഥക്ക് ആലക്കോട് നൽകിയ സ്വീകരണത്തിൽ കെ.വി. രജീഷ് പ്രസംഗിക്കുന്നു.

മന്ന ആലക്കോട് റോഡിൽ കോസ്റ്റാഹബ് ഷിസ, റിദ, ഷെൻസ, ഷജ്മിൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

രുചിവൈവിധ്യങ്ങളൊരുക്കി 'കോസ്റ്റാഹബ്' തുറന്നു

തളിപ്പറമ്പ: പുത്തൻ രുചികളുമായി കോസ്റ്റാഹബ് ഫ്രഷ് ആന്റ് ഹോട്ട് പ്രവർത്തനമാരംഭിച്ചു. മന്ന- ആലക്കോട് റോഡിൽ ഹീറോ ഷോറൂമിന് സമീപം എം.സി. ബിൽഡിങ്ങിലാണ് കോസ്റ്റാഹബ് പ്രവർത്തനമാരംഭിച്ചത്. ഷിസ, റിദ, ഷെൻസ, ഷജ്മിൻ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. എ.ബി.സി മാനേജിങ്ങ് ഡയറക്ടർ മുഹമ്മദ് മദനി ആദ്യ വിൽപ്പന നിർവഹിച്ചു. പ്രസ് ഫോറം പ്രസിഡണ്ട് എം.കെ. മനോഹരൻ, വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡണ്ട് കെ.എസ്. റിയാസ്, സിദിഖ് ഹോംസൻ, ജബാർ ഹാജി സംബന്ധിച്ചു. ഫോൺ: 0460 2209111, 9495209111.

നാടക പ്രവർത്തകരെ ആദരിക്കലും മെമ്പർഷിപ്പ് വിതരണവും നടത്തി

തളിപ്പറമ്പ: നാടക കലാകാരന്മാരുടെ കൂട്ടായ്മയായ 'നാടക്' ആദ്യകാല നാടക പ്രവർത്തകരെ ആദരിച്ചു. നാടക പ്രവർത്തകൻ മുഹമ്മദ് പേരാമ്പ്ര ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡണ്ട് രജിത മധു അധ്യക്ഷത വഹിച്ചു. സംസ്ഥാന ജന. സെക്രട്ടറി ജെ.ഷൈലജ പ്രഭാഷണം നടത്തി. പ്രകാശൻ ചെങ്ങൽ, പി.ടി.മനോജ്, പി.രഘുനാഥ്, ബക്കളം ദാമോദരൻ, പറശിനി മുഹമ്മദ്, മധു വെങ്കര സംസാരിച്ചു. ആദ്യ മെമ്പർഷിപ്പ് മുഹമ്മദ് പേരാമ്പ്രയിൽ നിന്ന് ധർമ്മൻ ഏഴോം ഏറ്റുവാങ്ങി. സി. വി.എൻ.ഇരിണാവ്, വി.കെ.റാം കൂവോട്, ഡോ.കുഞ്ഞിക്കണ്ണൻ മോറാഴ, സി.പി.ഭാസ്കരൻ പെരിന്തലേരി, സാവിത്രി ജനാർദനൻ എന്നിവരെ ആദരിച്ചു. പ്രകാശൻ ചെങ്ങൽ സ്വാഗതവും മധു വെങ്കര നന്ദിയും പറഞ്ഞു. തുടർന്ന് നാടകപ്പാട്ടുകൾ, നാടകം എന്നിവ അരങ്ങേറി.

'നാടക്'ന്റെ ആദ്യകാല പ്രവർത്തകരെ ആദരിക്കൽ ചടങ്ങ് മുഹമ്മദ് പേരാമ്പ്ര ഉദ്ഘാടനം ചെയ്യുന്നു

സ്നേഹവീട് താക്കോൽദാനം നിർവ്വഹിച്ചു

ശ്രീകണ്ഠപുരം: ചുഴലി മഹല്ല് ജമാഅത്ത് കമ്മിറ്റി മദ്രസാധ്യാപകൻ അബ്ദുസലാം മൗലവിക്ക് നിർമിച്ച് നൽകിയ വീടിന്റെ താക്കോൽദാന കർമ്മം സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സെക്രട്ടറി പി.പി. ഉമർ മുസ്ല്യാർ നിർവ്വഹിച്ചു. മഹല്ല് ഖത്തീബ് അബ്ദുൾ നാസർ ഫൈസി ഇർഫാനി അധ്യക്ഷത വഹിച്ചു. വി.കെ. ഹസൻ മുസ്ല്യാർ, ഹാരിസ് അസ്ഹരി, സുബൈർ മൗലവി, സൈതലവി ചൊറുക്കള, ഇബ്രാഹിം മൗലവി, എം. അബ്ദുൾ സത്താർ ഹാജി, കെ.മുസ്തഫ പട്ടുവം, പി.എം. ഷാഹുൽ ഹമീദ് ഹാജി, പി.പി. അബ്ദുൾ അസീസ് ഹാജി, അബ്ദുസ്സലാം മൗലവി സംസാരിച്ചു. അജ്മൽ ചുഴലി സ്വാഗതവും കെ.പി. ജമീൽ നന്ദിയും പറഞ്ഞു.

മദ്രസാധ്യാപകൻ അബ്ദുസലാം മൗലവിക്ക് ചുഴലി മഹല്ല് ജമാഅത്ത് കമ്മിറ്റി നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽദാനം പി.പി. ഉമർ മുസ്ല്യാർ നിർവഹിക്കുന്നു.

അപേക്ഷ ക്ഷണിച്ചു

കല്യാശേരി: കല്യാശേരി ബ്ലോക്ക് പഞ്ചായത്ത് സാക്ഷരതാ മിഷൻ വികസന വിദ്യാകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന പത്താംതരം, പ്ലസ്ടു തുല്യതാ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി, ഭിന്നശേഷി വിഭാഗങ്ങൾക്ക് ഫീസ് സൗജന്യമാണ്. ഏഴാംതരം ജയിച്ചവർക്ക് പത്തിനും 22 വയസ് പൂർത്തിയായ പത്താംതരം ജയിച്ചവർക്ക് ഹ്യൂമാനിറ്റീസ്, കോമേർസ് ഗ്രൂപ്പുകളിലേക്കും അപേക്ഷിക്കാം. 20ന് മുമ്പ് കല്യാശേരി കെ.വി.മന്ദിരത്തിന് സമീപമുള്ള വികസന വിദ്യാകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ 9947157068

ധർമ്മശാല: ആന്തൂർ നഗരസഭ സാക്ഷരതാമിഷൻ വികസന വിദ്യാകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന പത്താംതരം, പ്ലസ്ടു തുല്യതാ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി, ഭിന്നശേഷി വിഭാഗങ്ങൾക്ക് ഫീസ് സൗജന്യമാണ്. ഏഴാംതരം ജയിച്ചവർക്ക് 10നും പത്താംതരം ജയിച്ചവർക്ക് ഹ്യൂമാനിറ്റീസ്, കൊമേർസ് ഗ്രൂപ്പുകളിലേക്കും അപേക്ഷിക്കാം. 20ന് മുമ്പ് സാക്ഷരതാ മിഷൻ ആന്തൂർ നഗരസഭ ഓഫീസിലോ കാനൂൽ, തളിയിൽ തുടർവിദ്യാകേന്ദ്രങ്ങളിലോ രജിസ്റ്റർ ചെയ്യണം. ഫോൺ: 9847081121.

ഹിരോഷിമാദിനം ആചരിച്ചു

പരിയാരം: ഇരിങ്ങൽ യു.പി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യ വേദിയും സാമൂഹ്യ ശാസ്ത്ര ക്ലബും ഹിരോഷിമാദിനത്തിൽ പോസ്റ്റർ നിർമ്മാണം, ബോധവൽക്കരണം, പതിപ്പ് നിർമ്മാണം എന്നിവ നടത്തി. പ്രധാനാധ്യാപിക കെ.പി.ജയശ്രീ, പി.എം.ഗീത, ഇ.കെ.രമേശൻ, കെ. ജയദേവൻ, ടി.ടി.രൂപേഷ്, അഷിത, ഫാത്തിമത്ത് സന, എം.വി.അമല, അദൈത് സംസാരിച്ചു.

തളിപ്പറമ്പിൽ ആവണി കവിതക്കൂട്ടം

തളിപ്പറമ്പ: സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ 12ന് ഉച്ചക്ക് 2.30ന് ആവണി കവിതകൂട്ടം നടത്തും. സീലാന്റ് കോംപ്ലക്സിലെ സാംസ്കാരിക വേദി ഓഡിറ്റോറിയത്തിലാണ് പരിപാടി. കവിതകൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടണം. ഫോൺ: 9946951663

മത്സരങ്ങൾ സംഘടിപ്പിക്കും

തളിപ്പറമ്പ: സ്വാതന്ത്ര്യദിനം, ബലിപെരുന്നാൾ ആഘോഷങ്ങളുടെ ഭാഗമായി മദ്രസ വിദ്യാർത്ഥികൾക്ക് കലാസാഹിത്യ മത്സരങ്ങളും കായിക മത്സരങ്ങളും സംഘടിപ്പിക്കുവാൻ കുറ്റിക്കോൽ എം.യു.മദ്രസ എസ്.കെ.എസ്.ബി.വി യോഗം തീരുമാനിച്ചു. മഹല്ല് ഖത്തീബ് യൂനുസ് അൽഹസനി ഉദ്ഘാടനം ചെയ്തു. സിറാജ് ദാരിമി അധ്യക്ഷത വഹിച്ചു. എം.കെ. മൊയ്തു, ഉമർ നദ്വി, ബീരാൻ ദാരിമി, അബ്ദുൾജബ്ബാർ മൗലവി പ്രസംഗിച്ചു. മുഹമ്മദ് സൽമാൻ സ്വാഗതവും സി.മുഹമ്മദ് സിനാൻ നന്ദിയും പറഞ്ഞു.

തൊഴിൽരഹിത വേതനം ഇന്നും നാളെയും

ആന്തൂർ: നഗരസഭ തൊഴിൽരഹിത വേതനം ഇന്നും നാളെയുമായി നഗരസഭാ ഓഫീസിൽ വെച്ച് വിതരണം ചെയ്യും. ആവശ്യമായ രേഖകൾ സഹിതം ഹാജരാകണമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു.

ചക്ക മഹോത്സവം

പരിയാരം: ഇക്കോ ക്ലബ്, മാതൃഭൂമി സീഡ് ക്ലബ്, വിദ്യാരംഗം കലാസാഹിത്യ വേദി ഇവയുടെ നേതൃത്വത്തിൽ ഇരിങ്ങൽ യു.പി സ്കൂളിൽ ചക്ക മഹോത്സവം നടത്തി. വാർഡ് മെമ്പർ സൗമിനി നാരായണൻ ഉദ്ഘാടനം നിർവഹിച്ചു. കൃഷി ഓഫീസർ എം. ഗംഗാധരൻ കുട്ടികൾക്ക് പ്ലാവിൻതൈ വിതരണോദ്ഘാടനവും പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം ഉദ്ഘാടനവും നിർവഹിച്ചു. പ്രധാനാധ്യാപിക കെ.പി. ജയശ്രി, പി.ടി.എ പ്രസിഡണ്ട് ടി.ഇ. ജയരാജൻ, പഞ്ചായത്ത് കർഷക കർമ്മസേന സമിതി സെക്രട്ടറി എസ്.പി. ചന്ദ്രൻ, ഇ. വിജയൻ മാസ്റ്റർ, സ്കൂൾ ഇക്കോ ക്ലബ് കോർഡിനേറ്റർ എൻ. വി. പത്മിനി, പി.എം. ഗീത സംസാരിച്ചു. ഇ. കെ. രമേശൻ, കുബേരൻ നമ്പൂതിരി, ടി.ടി. രൂപേഷ്, കെ.എം. സുജിത്ത്, സബിന്ദ് മാസ്റ്റർ (ബി.ആർ.സി) നേതൃത്വം നൽകി.